LIBRARY ARCHIVES Kerala Legislative Assembly

വാർഷിക പദ്ധതികളുടെ അടങ്കൽ ചെലവ്

10 [322] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും വാർഷിക പദ്ധതിക്കായി നീക്കിവെച്ച തുക എത്രയെന്നും അതിൽ യഥാർത്ഥ ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും വർഷം പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(സി) മുൻ സർക്കാരിന്റെ അഞ്ചു വർഷകാലയളവിൽ ഓരോ വർഷവും വാർഷിക പദ്ധതിയുടെ അടങ്കൽ എത്രയാണെന്നും ചെലവഴിച്ചതെത്രയാണെന്നും കാണിക്കുന്ന സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും വാർഷിക പദ്ധതിക്കായി നീക്കിവെച്ച തുകയും ചെലവായ തുകയും (കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ) ചുവടെ കൊടുത്തിരിക്കുന്നു:

വർഷം	*പദ്ധതി അടങ്കൽ തുക (രൂപ ലക്ഷത്തിൽ)*	*ചെലവായ തുക*
2001-2002	3,54,726.39	2,85,497.56
2002-2003	4,47,609.73	4,42,485.43
2003-2004	4,97,404.46	അവസാന കണക്കുകൾ ലഭ്യമായിട്ടില്ല.
2004-2005	5,44,700.59	ബാധകമല്ല

(ബി) 2001-2002-ലും, 2002-2003-ലും പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. വിഭവ ലഭ്യതയിലെ കുറവാണ് പദ്ധതി വിഹിതം പൂർണ്ണമായി ചെവഴിക്കാത്തതിനു കാരണം.

(സി) മുൻ സർക്കാരിന്റെ അഞ്ചു വർഷകാലയളവിൽ ഓരോ വർഷവും വാർഷിക പദ്ധതിയുടെ അടങ്കൽ തുകയും, ചെലവഴിച്ച തുകയും (കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ) ചുവടെ ചേർക്കുന്നു:

വർഷം	*പദ്ധതി അടങ്കൽ തുക (രൂപ ലക്ഷത്തിൽ)*	*ചെലവായ തുക*
1996-1997	2,69,559.47	2,54,175.29
1997-1998	3,47,314.83	3,23,344.00
1998-1999	3,55,871.77	3,59,251.98
1999-2000	3,77,618.46	3,47,614.61
2000-2001	4,01,443.18	3,30,256.31